**File No.C1/137/2021-TC**

ഫയൽ നം :............ തിയതി : 19/07/2021

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം – 695 014

ഇ–മെയിൽ: tcoffice.mvd@kerala.gov.in|വെബ്: www.mvd.kerala.gov.in|☎ 0471–2333317

**<u>സർക്കുലർ നമ്പർ.16/2021</u>**

വിഷയം : ***മോട്ടോർ വാഹന വകുപ്പ്*** – കോവിഡ് മഹാമാരിയെ തുടർന്ന് – നിർത്തിവെച്ചിരുന്ന ഡ്രൈവിംഗ് ടെസ്റ്റ്/ഡ്രൈവിംഗ് പരിശീലനം പുനരാരംഭിക്കുന്നത് – സംബന്ധിച്ച്.

സൂചന :–16/07/2021 ലെ സർക്കാർ ഉത്തരവ് നം. സ.ഉ(സാധാ) 249/2021/ഗതാഗതം.

കോവിഡ് മഹാമാരിയുടെ വ്യാപനതോത് കുറയ്ക്കുന്നതിനുള്ള പ്രതിരോധ നടപടികളുടെ ഭാഗമായി മോട്ടോർ വാഹന വകുപ്പിൽ നിർത്തിവെച്ചിരുന്ന ഡ്രൈവിംഗ് ടെസ്റ്റുകളും ഡ്രൈവിംഗ് സ്കൂളുകളുടെ പ്രവർത്തനവും നിലവിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള കോവിഡ് 19 മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ട് പുനരാരംഭിക്കുന്നതിന് സൂചനയിൽ പരാമർശിച്ച സർക്കാർ ഉത്തരവിനാൽ അനുമതി ലഭിച്ചിട്ടുണ്ട്. താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി 19/07/2021 മുതൽ ഡ്രൈവിംഗ് സ്കൂളുകളുടെ പ്രവർത്തനവും മോട്ടോർ വാഹന വകുപ്പിലെ ഡ്രൈവിംഗ് പ്രായോഗിക പരീക്ഷകളും ആരംഭിക്കാവുന്നതാണ്.

**<u>ഡ്രൈവിംഗ് പ്രായോഗിക പരീക്ഷകൾ നടത്തുന്നതിനുള്ള പൊതു നിർദ്ദേശങ്ങൾ</u>**

1. 19/07/2021 മുതൽ ഡ്രൈവിംഗ് ലൈസൻസുകളുടെ കാലാവധി ഒരുവർഷത്തിൽ കൂടുതൽ കഴിഞ്ഞ് പ്രായോഗിക പരീക്ഷയോടെ പുതുക്കുന്നതിനുള്ള അപേക്ഷകരുടെ ടെസ്റ്റ് ആരംഭിക്കുന്നതാണ്.
2. ലോക്ക് ഡൌണിന് മുൻപ് പരിശീലന തീയതിയും സ്ലോട്ടും ബുക്ക് ചെയ്ത അനേകം പേർക്ക് നിലവിൽ അവസരം ലഭ്യമല്ലാത്ത സാഹചര്യം നിലനിൽക്കുന്നതിനാലും നിലവിൽ സ്ലോട്ട് അനുവദിക്കപ്പെട്ടവർക്ക് ലോക്ക് ഡൌൺ കാലയളവിൽ

പരിശീലനം നേടാൻ അവസരം ലഭ്യമല്ലാതിരുന്നതിനാലും ഇത്തരം ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി അപേക്ഷകർക്കായി നിലവിലുള്ള സ്ലോട്ടുകൾക്ക് പകരം സൌകര്യപ്രദമായ തീയതിയും സമയവും പുതുതായി ബുക്ക് ചെയ്യുന്നതിന് തിങ്കളാഴ്ച മുതൽ സ്ലോട്ടുകൾ പുനഃക്രമീകരിക്കുന്നതാണ്. ഇതിനു വിധേയമായി വ്യാഴാഴ്ച (22/07/2021) മുതൽ മറ്റു ടെസ്റ്റുകൾ പുതിയ സ്ലോട്ട് ബുക്കിംഗിനു വിധേയമായി നടത്തേണ്ടതാണ്.

3. ഓരോ ഓഫീസിലും ഒരു സമയം അഥവാ ഒരു ബാച്ചിന് 20 പേരിൽ കൂടുതൽ അനുവദിക്കുവാൻ പാടുള്ളതല്ല. അത്തരം രണ്ട് ബാച്ചുകൾ ഒന്ന് രാവിലെ 8 മണിക്കും രണ്ടാമത്തേത് ഉച്ചയ്ക്ക് 2 മണിക്കും ആരംഭിക്കേണ്ടതാണ്.ആവശ്യമെങ്കിൽ ഒരു ബാച്ചു കൂടെ,സമയപുനക്രമീകരണം വഴി Covid 19 പ്രോട്ടോകോൾ കർശനമായി പാലിച്ചുകൊണ്ട് ഓഫീസ് മേധാവിക്ക് നടത്താവുന്നതാണ്.
4. അടിയന്തര ഘട്ടങ്ങളിൽ വ്യക്തമായ കാരണങ്ങൾ കാണിച്ച് രേഖകൾ സഹിതം സ്ലോട്ടിന് അപേക്ഷിക്കുന്നവർക്ക് ഓഫീസ് മേധാവിക്ക് (ലൈസൻസിംഗ്/അഡീഷണൽ ലൈസൻസിംഗ് അതോറിറ്റി) ക്ക് സ്ലോട്ടുകൾ പരമാവധി ഒരു ദിവസം അഞ്ച് വീതം അർഹരായവർക്ക് മാത്രം അനുബന്ധരേഖകളുടെ അടിസ്ഥാനത്തിൽ അനുവദിക്കാവുന്നതാണ് (ഇതിനായി പ്രത്യേക രജിസ്റ്ററും അനുബന്ധരേഖകളും സൂക്ഷിക്കേണ്ടതാണ്). ഇങ്ങനെ അനുവദിക്കുന്നതിൽ അനർഹർ കടന്നുകൂടാതെ സൂക്ഷിക്കേണ്ടത് ഓഫീസ് മേധവിയുടെ പൂർണ്ണ ഉത്തരവാദിത്വം ആയിരിക്കുന്നതാണ്.
5. ചുമ, പനി മറ്റ് രോഗലക്ഷണങ്ങളുള്ളവർ, വീട്ടിൽ ക്വാറന്റൈനിലുള്ള അംഗങ്ങളുള്ളവർ,D-കാറ്റഗറി സ്ഥലങ്ങളിൽ നിന്നുള്ളവർ എന്നിവരെയും പങ്കെടുപ്പിക്കേണ്ടതില്ല. ഇത് സംബന്ധിച്ച സത്യവാങ്മൂലം അപേക്ഷകൻ ഹാജരാക്കേണ്ടതാണ്.
6. ടെസ്റ്റിന് എത്തുന്നവരെ അനുഗമിക്കുന്ന ബന്ധുക്കൾ/സുഹൃത്തുക്കൾ സാമൂഹിക അകലം പാലിച്ച് ഗ്രൌണ്ടിന് പുറത്ത് നിൽക്കേണ്ടതാണ്. ഗ്രൌണ്ടിൽ പ്രവേശനം

അനുവദിക്കേണ്ടതില്ല.

7. സാമൂഹിക അകലം പാലിച്ച് ക്യൂ നിൽക്കുന്നതിന് ഉദ്യോഗസ്ഥർ ടെസ്റ്റ് ഗ്രൗണ്ടിൽ ക്യൂ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
8. റോഡ് ടെസ്റ്റിന് വാഹനത്തിൽ ഒരു സമയം ഇൻസ്പെക്ടറെ കൂടാതെ പരീക്ഷാർത്ഥിയെ മാത്രമെ പ്രവേശിപ്പിക്കാവൂ.
9. ടെസ്റ്റിന് വരുന്നവർ സാനിറ്റൈസർ കൈയ്യിൽ കരുതേണ്ടതും ടെസ്റ്റിനു മുൻപും ശേഷവും കൈകൾ അണുവിമുക്തമാക്കേണ്ടതുമാണ്. ഡബിൾ മാസ്ക്, ഗ്ലൗസ്, ഫെയ്സ് ഷിൽഡ് എന്നിവ ശരിയായ രീതിയിൽ മുഴുവൻ സമയവും ധരിക്കേണ്ടതാണ്. ഉദ്യോഗസ്ഥർ ഇത് ഉറപ്പാക്കേണ്ടതാണ്.
10. ഉദ്യോഗസ്ഥർ മാസ്ക്, ഗ്ലൗസ്, ഫെയ്സ് ഷീൽഡ് എന്നിവ കൃത്യമായും ശരിയായ രീതിയിലും ധരിക്കേണ്ടതാണ്.
11. പരീക്ഷാർത്ഥികൾ വാഹനത്തിൽ കയറുന്നതിനു മുൻപും ശേഷവും വാഹനം പരീക്ഷാർത്ഥിയോ/വാഹനയുടമയോ അണുവിമുക്തമാക്കേണ്ടതാണ്.
12. ട്രിപ്പിൾ ലോക് ഡൌൺ നിലനിക്കുന്ന D കാറ്റഗറിയിൽപ്പെട്ട സ്ഥലങ്ങളിൽ ഉള്ള ഓഫീസുകളിൽ നിയന്ത്രണം നിലനിൽക്കുന്ന കാലയളവിൽ ഡ്രൈവിംഗ് ടെസ്റ്റ് നടത്തേണ്ടതില്ല.
13. മേൽ പറഞ്ഞ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് അതാത് ഡി.റ്റി.സി, ആർ.ടി.ഒ. എന്നിവർ ഉറപ്പുവരുത്തേണ്ടതാണ്.

Digitally signed by M R AJITHKUMAR IPS
Date:Mon Jul 19 16:28:49 IST 2021
Reason: Approved

M R Ajithkumar Ips
Transport Commissioner